LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ബേബി : ആദരണീയനായ പ്രതിപക്ഷ നേതാവ് നിർദ്ദേശിച്ചതുപ്രകാരം തന്നെ പൂർണ്ണ ഗൗരവത്തോടുകൂടി ഇത് കൈകാര്യം ചെയ്യും. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ തന്നെ നേരിട്ട് ഇതിന്റെ കാര്യങ്ങൾ പരിശോധിക്കും.

(10) മദ്യ വിൽപ്പനശാല മാറ്റേണ്ടതിന്റെ ആവശ്യകത

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കുട്ടനല്ലൂർ ഗവൺമെന്റ് കോളേജിനടുത്ത് ഈ അടുത്ത കാലത്ത് അങ്ങോട്ട് മാറ്റിസ്ഥാപിച്ച ഒരു വിദേശ മദ്യഷാപ്പ് പ്രവർത്തനം അവസാനിപ്പിക്കണമെന്നുപറഞ്ഞ് തദ്ദേശ വാസികൾ സമരം ചെയ്തിട്ട് 230 ദിവസങ്ങളായി. ഒല്ലൂർ കേശവപ്പടി എന്ന സ്ഥലത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു ഷാപ്പാണ് ഇത്. രായ്ക്കുരാമാനം അത് കുട്ടനല്ലൂർ കോളേജിന്റെ പരിസരത്തേയ്ക്ക് മാറ്റി സ്ഥാപിച്ചു. ഇതിനെതിരെയാണ് ജനങ്ങൾ പ്രതിഷേധം നടത്തിയത്. ബിവറേജസ് കോർപ്പറേഷന്റേതാണ് ഈ വിദേശ മദ്യശാല. സർക്കാർ ബിവറേജസ് കോർപ്പറേഷൻ തന്നെ ജനവിരുദ്ധമായ ഇത്തരം പരിപാടികളിൽ ഏർപ്പെടുന്നത് അങ്ങേയറ്റം അപലപനീയമാണ്. നാട്ടുകാരുടെ ആക്ഷേപം പരിഗണിച്ച് എക്സൈസ് കമ്മീഷണർ നേരിട്ടുവന്ന് സ്ഥലം പരിശോധിച്ചു. അവസാനം 15-6-2010-ൽ ഇത് , അവിടെ നിന്നും മാറ്റണം, suitable ആയ വേറെ സ്ഥലം കണ്ടുപിടിക്കണം എന്നുപറഞ്ഞ് ഒരു ഉത്തരവ് പാസ്സാക്കി. ജൂൺ മാസം 15-ാം തീയതി ഈ ഉത്തരവ് പാസ്സാക്കിയിട്ടും നാളിതുവരെയായി ഫലപ്രദമായ യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല. സാങ്കേതികത്വം പറഞ്ഞ് അത് നീട്ടിക്കൊണ്ടുപോകാൻ ഇതിന്റെ സ്ഥലം ഉടമസ്ഥൻ ശ്രമിക്കുകയാണ്. ഇതിനെതിരെ തക്ക നടപടി അടിയന്തരമായി എടുക്കണമെന്ന് മന്ത്രിയോട് അപേക്ഷിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ, ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞ പ്രശ്നം വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് കൈകാര്യം ചെയ്യുന്നതാണ്. തൃശൂർ ജില്ലയിലെ ചേർപ്പ് എക്സൈസ് റേഞ്ചോഫീസിന്റെ പരിധിയിൽ ഒല്ലൂരിൽ പ്രവർത്തിച്ചുവന്നിരുന്ന എഫ്. എൽ.1-ഷാപ്പ് പരിസരവാസികൾ നിരന്തരം പരാതിപ്പെട്ടതിനാലും പരാതിക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ഷാപ്പ് തൃശൂർ ജില്ലയിലെ കുട്ടനല്ലൂരിൽ മാറ്റിസ്ഥാപിക്കുന്നതിന് കെ.എസ്.ബി.സി. മാനേജർക്ക് നിർദ്ദേശം നൽകുകയും എന്നാൽ പ്രസ്തുത ഷാപ്പ് അവിടെ പ്രവർത്തിപ്പിക്കുന്നതിനെതിരെ പൊതുജനങ്ങൾ പ്രതിഷേധം പ്രകടിപ്പിക്കുകയും പൗരസമിതിയും നിരവധി സ്ഥാപനങ്ങളും ഹൈക്കോടതിയിലും തൃശൂർ മുനിസിഫ് കോടതിയിലും കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. തൃശൂർ മുനിസിഫ് കോടതിയിൽ പ്രസ്തുത കേസിൽ നിയമിച്ച എക്സൈസ് കമ്മീഷണർ സ്ഥലപരിശോധന നടത്തുകയും പ്രസ്തുത ഷാപ്പിന്റെ 200 മീറ്റർ ചുറ്റളവിൽ

LIBRARY ARCHIVES Kerala Legislative Assembly

അമ്പലം, പള്ളി, ഹരിജൻ കോളനി എന്നിവ ഇല്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുട്ടനല്ലൂരിലെ മേപ്പടി കെട്ടിടത്തിൽ ഷാപ്പ് മാറ്റി സ്ഥാപിക്കുകയുണ്ടായി. നിലവിലുള്ള അബ്ക്കാരി ഷാപ്പ് ഡിസ്പ്പോസൽ റൂൾ 7/2 പ്രകാരം ദൂരപരിധി പാലിച്ചാണ് ടി ഷാപ്പ് പ്രവർത്തിച്ചുവരുന്നത്. ഷാപ്പിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റിഷൻ കോടതി ഡിസ്മിസ് ചെയ്തിട്ടുണ്ട്. മാത്രവുമല്ല അബ്ക്കാരി നിയമത്തിലെ ലംഘനമല്ലാതെ മറ്റ് കാരണങ്ങളാൽ വിദേശ മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നു എന്ന കാരണത്താൽ അത് ശരിയായി അനുമാനിക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2009 മേയ് മാസത്തിലെ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചപ്രകാരം എഫ്. എൽ. 1-ഷാപ്പ് മാറ്റി സ്ഥാപിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ഉത്തരവ് പരിശോധിക്കുകയും ശരിയായ ഒരു തീരുമാനം കൈക്കൊള്ളുന്നതിന് എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(11) സെറ്റ് പരീക്ഷയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന നെഗറ്റീവ് മാർക്ക്

ശ്രീ. പി. ടി. എ. റഹീം: സർ, നാഷണൽ എലിജിബിലിറ്റി ടെസ്റ്റിന് മൈനസ് മാർക്ക് ഇല്ല, എന്നാൽ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിന് മൈനസ് മാർക്ക് ഇടുന്നത് കാരണം ഇപ്രാവശ്യം 6 ശതമാനത്തിൽ താഴെ കുട്ടികൾ മാത്രമാണ് പാസായിട്ടുള്ളത്. കുലുക്കിക്കുത്ത് കൊണ്ടാണ് മൈനസ് മാർക്ക് വരുന്നത്. പക്ഷേ, ഞാൻ ഉന്നയിക്കുന്ന പ്രശ്നം, അര മാർക്കിന് പരാജയപ്പെട്ടിട്ടുള്ള ആളുകളുണ്ട്, അര മാർക്ക് കൊടുക്കുന്നത് നീതിയുക്തമായ ഒരു നടപടിയല്ല. അതുകൊണ്ട് അര മാർക്ക് കുറഞ്ഞ ആളുകൾ കൂടി വിജയിച്ചതായി കണക്കാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ ആവശ്യം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ഇത്തവണ ഒരു ചർച്ചയുടേയും വിദഗ്ദ്ധ പരിശോധനയുടേയും അടിസ്ഥാനത്തിൽ പുതിയ രൂപത്തിലാണ് നടത്തിയത്. അപ്പോഴാണ് ഈ പറയുന്ന പ്രശ്നങ്ങൾ സംഭവിച്ചിരിക്കുന്നത്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ, യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഇതു സംബന്ധിച്ച് ഒരു പരിശോധന നടത്തി. ദീർഘകാലാടിസ്ഥാനത്തിൽ ഇതിന് എങ്ങനെ പരിഹാരം കണ്ടെത്താൻ കഴിയും, പരീക്ഷാ നടത്തിപ്പിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. അതിന്റെ പരിശോധന നടത്തുന്ന ഘട്ടത്തിൽ ശ്രീ. പി. ടി. എ. റഹീം ഉന്നയിച്ച കാര്യവും ഇതിന്റെ ഭാഗമായി പരിഗണിക്കാം. അടിയന്തരമായി എന്തെങ്കിലും നടപടി കൈക്കൊള്ളാൻ കഴിയുമോ എന്നുള്ള കാര്യവും പരിശോധിക്കുന്നതാണ്.